**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 216** 14-02-2024 - ൽ മറുപടിയ്ക്ക്

**കുടിവെള്ള ഗുണനിലവാര പരിശോധനാ ലാബുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കുടിവെള്ള ഗുണനിലവാര പരിശോധനാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; | (എ) | ജല ജീവൻ പദ്ധതിയുടെ സഹായത്തോടെ സംസ്ഥാനത്തെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും എത്തിക്കുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ എസ്.ആർ.ഐ സ്റ്റേറ്റ് ലാബും 14 ജില്ലാ ലാബുകളും 71 ഉപജില്ലാ ലാബുകളും നിലവിൽ പ്രവർത്തിക്കുന്നുണ്ട്. 2020-21, 2021-22 കാലയളവിലെ ജെ.ജെ.എം പദ്ധതി പ്രകാരം നിലവിലുണ്ടായിരുന്ന 14 ജില്ലാ ലാബുകളെയും 32 ഉപജില്ലാ ലാബുകളെയും കൂടാതെ അധികമായി സ്ഥാപിച്ച 39 ഉപജില്ലാ ലാബുകളെയും നവീകരിച്ചിട്ടുണ്ട്. ഇവയിൽ നൂൽപ്പുഴ, കാരഡ്ക്ക എന്നീ രണ്ട് ഉപജില്ലാ ലാബുകൾ ഒഴികെ മറ്റ് എല്ലാ ലാബുകൾക്കും 2021-22 കാലയളവിൽ എൻ.എ.ബി.എൽ അക്രിഡിറ്റേഷൻ ലഭിച്ചിട്ടുള്ളതാണ്. 2023 ൽ പമ്പയിൽ പുതിയതായി പൂർത്തിയാക്കിയ ഉപജില്ലാ ലാബിന് NABL recognition ലഭിച്ചിട്ടുണ്ട്. ഈ ലാബുകളുടെ പ്രവർത്തനത്തിനാവശ്യമായ ഉയർന്ന ഗുണ നിലവാരത്തിലുള്ള ലാബ് ഉപകരണങ്ങൾ, കെമിക്കലുകൾ, ഗ്ലാസ് വെയറുകൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കെമിസ്റ്റുമാർ അടക്കമുള്ള ജീവനക്കാരെ ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഇതിനുവേണ്ടി നിയമിച്ചിട്ടുണ്ട്. ഗ്രാമീണ മേഖലകളിൽ നിന്ന് എല്ലാ മാസവും ഇരുന്നൂറ്റി അമ്പതോളം ജല സാമ്പിളുകൾ ശേഖരിച്ച് ഉപജില്ലാ ലാബുകളിൽ പരിശോധിച്ച് വരുന്നുണ്ട്. ഇതിൽ നിന്നും തിരഞ്ഞെടുക്കുന്ന സാമ്പിളുകൾ ജില്ലാ ലാബുകളിൽ പരിശോധിക്കുകയും കൂടുതൽ പരിശോധന ആവശ്യമുള്ള സാമ്പിളുകൾ നെട്ടൂരിൽ സ്ഥിതി ചെയ്യുന്ന എസ്.ആർ.ഐ സ്റ്റേറ്റ് |

| | | | |
|---|---|---|---|
| | | | ലാബിൽ പരിശോധിച്ച് ഗുണ നിലവാരം ഉറപ്പ് വരുത്തുന്നുണ്ട്.<br><br>നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയും ഒരു ഹയർ സെക്കൻഡറി സ്കൂളിൽ വീതം പ്രാദേശിക ജലഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം നടന്നു വരുന്നു. ഹയർ സെക്കൻഡറി സ്കൂളുകളിലെ രസതന്ത്രം ലാബുകളോടനുബന്ധമായിട്ടാണ് ഈ ലാബുകൾ സ്ഥാപിക്കുന്നത്. ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ഹരിതകേരളം മിഷൻ യോഗതീരുമാന പ്രകാരമാണ് ഈ ലാബ് സ്ഥാപിക്കുന്ന പ്രവർത്തനം നടക്കുന്നത്. എം.എൽ.എ മാരുടെ പ്രാദേശിക വികസന ഫണ്ട് വിഹിതം, തദ്ദേശ സ്വയംഭരണ സ്ഥാപന പദ്ധതി വിഹിതം എന്നിവ വിനിയോഗിച്ചാണ് ഈ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. 2017 മുതൽ നാളിതുവരെ സംസ്ഥാനത്താകെ ഇത്തരത്തിൽ 191 ലാബുകൾ പ്രവർത്തന സജ്ജമായിട്ടുണ്ട്. ഇതുകൂടാതെ ആർ.കെ.ഐ. ഫണ്ട് വിനിയോഗിച്ച് കൊണ്ട് പമ്പ, പെരിയാർ നദികളുടെ നദീതട പ്രദേശത്തെ അഞ്ച് ജില്ലകളിൽ 313 ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനം ആരംഭിക്കുകയും അവയിൽ 16 ലാബുകൾ പ്രവർത്തന സജ്ജമാകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്താകെ ഇത്തരത്തിൽ 207 ലാബുകൾ പ്രവർത്തന സജ്ജമാണ്. കൂടാതെ 321 ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനം വിവിധ ജില്ലകളിൽ പുരോഗമിക്കുന്നു. ഭൂജലവകുപ്പിന്റെകീഴിൽ വരുന്ന മൂന്നു ലാബുകളും NABL accredited lab കൾ ആക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | സംസ്ഥാനത്ത് ഹരിത കേരള മിഷന്റെ നേതൃത്വത്തിൽ കുടിവെള്ള ഗുണനിലവാര പരിശോധനയ്ക്കായി നടന്നു വരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഹയർസെക്കൻഡറി സ്കൂളുകളിൽ സജ്ജീകരിച്ചിട്ടുള്ള ജലഗുണനിലവാര ലാബുകളിലെ പരിശോധന സംബന്ധിച്ച് സംസ്ഥാന-ജില്ലാടിസ്ഥാനത്തിൽ സ്ഥിരമായി വിലയിരുത്തപ്പെടുന്നു. നവകേരളം കർമപദ്ധതിയിലെ റിസോഴ്സ് പേഴ്സൺമാർ ലാബുകൾ കൃത്യമായ ഇടവേളകളിൽ സന്ദർശിക്കുകയും ആവശ്യമായ പിന്തുണ നൽകുകയും പ്രവർത്തനങ്ങൾ വിലയിരുത്തി റിപ്പോർട്ട് ചെയ്യുന്നുമുണ്ട്. നവകേരളം കർമപദ്ധതിയുടെ ഭാഗമായ വിദ്യാകിരണം ഉപമിഷൻ മുഖേന, വിദ്യാഭ്യാസ വകുപ്പുമായി ചേർന്നും ലാബിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തപ്പെടുന്നുണ്ട്. |
| | | | |

| | | | |
|---|---|---|---|
| (സി) | വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ നടപ്പാക്കുന്ന പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ എത്ര ഗുണനിലവാര ലാബുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിരുന്നത്; അതിൽ എത്ര എണ്ണം ഇതിനകം സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്; അതുവഴി എത്ര സാമ്പിളുകൾ പരിശോധിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (സി) | 2017 മുതൽ നാളിതുവരെ സംസ്ഥാനത്താകെ ഇത്തരത്തിൽ 191 ലാബുകൾ പ്രവർത്തന സജ്ജമായിട്ടുണ്ട്. ഇതുകൂടാതെ ആർ.കെ.ഐ. ഫണ്ട് വിനിയോഗിച്ച് കൊണ്ട് പമ്പ, പെരിയാർ നദികളുടെ നദീതട പ്രദേശത്തെ അഞ്ച് ജില്ലകളിൽ 313 ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനം ആരംഭിക്കുകയും അവയിൽ 16 ലാബുകൾ പ്രവർത്തന സജ്ജമാകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്താകെ ഇത്തരത്തിൽ 207 ലാബുകൾ പ്രവർത്തന സജ്ജമാണ്. കൂടാതെ 321 ലാബുകൾ സ്ഥാപിക്കുന്ന പ്രവർത്തനം വിവിധ ജില്ലകളിൽ പുരോഗമിക്കുന്നു. ഹരിതകേരളം മിഷന്റെ നേതൃത്വത്തിലുള്ള ലാബുകൾ സംബന്ധിച്ച വിവരങ്ങളും നടത്തിയ പരിശോധനകളുടെ എണ്ണവും അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | പ്രസ്തുത ലാബുകളിലെ പരിശോധനാ ഫലങ്ങൾ കൃത്യതയുള്ളതാണെന്ന് ഉറപ്പ് വരുത്തുന്നതിന് നിലവിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ? | (ഡി) | പരിശോധനയുടെ ഗുണനിലവാരവും കൃത്യതയും ഉറപ്പാക്കുന്നതിനാവശ്യമായ എല്ലാ ശ്രദ്ധയും ആദ്യം മുതൽ തന്നെ ഇതിനായി സ്വീകരിച്ചിരുന്നു. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് ഈ മേഖലയിൽ പ്രവർത്തിക്കുന്ന അനലറ്റിക്കൽ ലാബ്, ആരോഗ്യ വകുപ്പ്, ജല അതോറിറ്റി, ഭൂജലവകുപ്പ്, ഭക്ഷ്യ സുരക്ഷാ വകുപ്പ് എന്നിവയിൽ നിന്നുള്ള ഈ മേഖലയിലെ വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് നിരവധി യോഗങ്ങളും വർക്ക്ഷോപ്പുകളും നടത്തിയാണ് എന്തൊക്കെ പരിശോധനകൾ ഈ ലാബുകളിൽ നടത്താം, തുടങ്ങിയ കാര്യങ്ങൾ അന്തിമമായി തീരുമാനിച്ചത്. എല്ലാ പരിശോധനകളും ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് (BSI) മാർഗ്ഗ നിർദ്ദേശപ്രകാരമാണ് നടത്തുന്നത്. പരിശോധനകൾ സംബന്ധിച്ച് അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പരിശീലനം നൽകുന്നതിനായി വിശദമായ ഒരു ട്യൂട്ടോറിയൽ വീഡിയോ ഹരിത കേരളം മിഷൻ തയ്യാറാക്കി നൽകി. കൂടാതെ ലാബിന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കുന്ന ഒരു കൈപ്പുസ്തകവും ബ്രോഷറും ഇതോടൊനുബന്ധിച്ച് തയ്യാറാക്കി നൽകുകയും ചെയ്തിട്ടുണ്ട്. പരിശോധനകൾ പൂർണ്ണമായും ഇതിനായി തയ്യാറാക്കിയ സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തിയാണ് നിർവഹിക്കുന്നത്. പരിശോധനാ ഫലം നൽകുന്നതോടൊപ്പം ജലശുദ്ധി ഉറപ്പാക്കുന്നതിനുവേണ്ട തുടർ നടപടികൾക്കുള്ള നിർദ്ദേശവും നൽകുന്നുണ്ട്. കൂടാതെ പരിശോധനാ ഫലം ബന്ധപ്പെട്ട ഡി.എം.ഒ. മാർക്കും തദ്ദേശ ഭരണ സ്ഥാപന അധ്യക്ഷൻമാർക്കും നൽകുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. നിലവിൽ ലാബുകൾ സ്ഥാപിച്ച മുഴുവൻ സ്കൂളുകളിലെയും ചുമതലയുള്ള |

| | | | |
|---|---|---|---|
| | | | രസതന്ത്രം ടീച്ചറിനും 5 വിദ്യാർത്ഥികൾക്കും ലാബുകളിൽ വച്ച് നേരിട്ട് പരിശീലനം നൽകിയിട്ടുണ്ട്. ഇതുകൂടാതെ സമയാസമയങ്ങളിൽ ഉണ്ടാകുന്ന സംശയങ്ങളും പ്രശ്നങ്ങളും പരിഹരിക്കുന്നതിനും നിലവിൽ ഓൺലൈൻ സഹായം നൽകുന്നതോടൊപ്പം ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺമാർ നേരിട്ട് പോയി വേണ്ട പിന്തുണയും നൽകുന്നുണ്ട്. ഇതുകൂടാതെ കൂടുതൽ പരിശോധനകൾ ആവശ്യമുണ്ട് എന്ന് കാണുന്ന സാമ്പിളുകൾ ജില്ലാ ആസ്ഥാനങ്ങളിലെ കൂടുതൽ സൗകര്യങ്ങൾ ഉള്ള ലാബുകളിലേയ്ക്ക് റഫർ ചെയ്യുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ജില്ല | പഞ്ചായത്ത് / എം.എൽ.എ. ഫണ്ട് | | | RKI ഫണ്ട് | | | ആകെ ലാബുകൾ | നടത്തിയ പരിശോധനകളുടെ എണ്ണം |
|---|---|---|---|---|---|---|---|---|
| | ആകെ | ഇതുവരെ സ്ഥാപിച്ചത് | പ്രവൃത്തി പുരോഗമിക്കുന്നവ | ആകെ | ഇതുവരെ സ്ഥാപിച്ചത് | പ്രവൃത്തി പുരോഗമിക്കുന്നവ | | |
| തിരുവനന്തപുരം | 13 | 13 | 0 | 0 | 0 | 0 | **13** | 1391 |
| കൊല്ലം | 11 | 11 | 0 | 0 | 0 | 0 | **11** | 1005 |
| പത്തനംതിട്ട | 0 | 0 | 0 | 57 | 0 | 57 | **57** | 0 |
| ആലപ്പുഴ | 6 | 6 | 0 | 72 | 16 | 56 | **78** | 648 |
| കോട്ടയം | 0 | 0 | 0 | 69 | 0 | 69 | **69** | 0 |
| ഇടുക്കി | 35 | 35 | 0 | 19 | 0 | 19 | **54** | 1719 |
| എറണാകുളം | 0 | 0 | 0 | 96 | 0 | 96 | **96** | 0 |
| തൃശൂർ | 54 | 54 | 0 | 0 | 0 | 0 | **54** | 15905 |
| പാലക്കാട് | 23 | 10 | 13 | 0 | 0 | 0 | **23** | 180 |
| മലപ്പുറം | 0 | 0 | 0 | 0 | 0 | 0 | **0** | 0 |
| കോഴിക്കോട് | 29 | 29 | 0 | 0 | 0 | 0 | **29** | 1799 |
| വയനാട് | 11 | 0 | 11 | 0 | 0 | 0 | **11** | 0 |
| കണ്ണൂർ | 21 | 21 | 0 | 0 | 0 | 0 | **21** | 1565 |
| കാസർഗോഡ് | 12 | 12 | 0 | 0 | 0 | 0 | **12** | 216 |
| **ആകെ** | **215** | **191** | **24** | **313** | **16** | **297** | **528** | **2442** |